LIBRARY ARCHIVES Kerala Legislative Assembly

ചാത്തന്നൂർ-പരവൂർ റോഡിന്റെ നവീകരണം

334(3259) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂർ റോഡ്സ് സെക്ഷന്റെ പരിധിയിലുള്ള ചാത്തന്നൂർ-പരവൂർ റോഡിന്റെ ആദ്യ ഭാഗം ഗതാഗതയോഗ്യമല്ലാതായിത്തീർന്നിട്ട് മാസങ്ങളായെങ്കിലും ആയത് പരിഹരിക്കുവാൻ യാതൊരു നടപടിയും ഉണ്ടായില്ലായെന്ന കാര്യം ഗവൺമെന്റ് ശ്രദ്ധിച്ചുവോ ;

(ബി) പ്രസ്തുത റോഡ് നവീകരിക്കുന്നതിലേക്ക് ടെണ്ടർ നടപടികളും ക്വട്ടേഷൻ നടപടികളും പൂർത്തീകരിച്ചുവെങ്കിലും ആയത് യാഥാർത്ഥ്യമാകുവാൻ ഒരു വർഷമെങ്കിലും സമയമെടുക്കുമെന്ന കാര്യം പരിഗണിച്ച് താത്കാലികമായി റോഡ് മെയിന്റനൻസ് നടത്തുവാൻ ഗവൺമെന്റ് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ ;

(സി) പൊതുജന രോഷവും ജനപ്രതിനിധികളുടെ സമരവും നിരന്തരം ഉണ്ടാകുന്ന ഈ വിഷയത്തിൽ സർക്കാർ സ്വീകരിക്കുന്ന നടപടികൾ എന്താണെന്ന് അറിയിക്കുമോ ?

ഉത്തരം.

(എ&ബി) പ്രസ്തുത റോഡിന്റെ താൽക്കാലിക അറ്റകുറ്റപണികൾ ചെയ്തു വരുന്നു.

(സി) ടി റോഡിന്റെ കരാർ വേലയുടെ ടെണ്ടർ പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിരുന്നെങ്കിലും എൽ.എം.ആർ-ഉം ഡി.എസ്.ആർ. 2013-ഉം ഒറിജിനൽ എസ്റ്റിമേറ്റുമായിട്ടുള്ള വ്യത്യാസം കണക്കാക്കി സമർപ്പിക്കുവാൻ നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇത് ലഭ്യമാകുന്ന മുറയ്ക്ക് ടെണ്ടർ അംഗീകാരം നൽകി പണി ആരംഭിക്കുന്നതിനുള്ള നടപടി തുടങ്ങുന്നതാണ്.

മുട്ടാങ്ങൽ-നാദാപുരം റോഡിന്റെ നിലവാരം ഉയർത്താൻ നടപടി

335(3260) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുട്ടാങ്ങൽ-നാദാപുരം റോഡ് സംസ്ഥാനപാത നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള നടപടികൾ ഏതുവരെയായെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത റോഡ് സംസ്ഥാന പാതയായി ഉയർത്തുന്നതിന് കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) മുട്ടാങ്ങൽ - നാദാപുരം റോഡിന്റെ പുനരുദ്ധാരണത്തിന് 21 കോടി രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യത അനുസരിച്ച് മാത്രമേ ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുവാൻ സാധിക്കുകയുള്ളൂ.

പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥനെതിരെയുള്ള പരാതികൾ

336(3261) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം പൊതുമരാമത്ത് വകുപ്പിന്റെ ചീഫ് എഞ്ചിനീയർ ഓഫീസിലെ എസ്റ്റാബ്ലിഷ്മെന്റ് ക്ലാർക്ക് ആയ വി. മധുവിനെതിരെ എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ ആയതിന്മേൽ സ്വീകരിച്ച നടപടി എന്തൊക്കെയാണെന്നും വിശദമാക്കാമോ ;

(ബി) ഒരു ഉദ്യോഗാർത്ഥിയുടെ നിയമനം അട്ടിമറിച്ചതുമായി ബന്ധപ്പെട്ട് മേൽപ്പറഞ്ഞ ഉദ്യോഗസ്ഥന്റെ പേരിൽ നിയമസഭാ പെറ്റീഷൻ കമ്മിറ്റി മുമ്പാകെ പരാതി ലഭിച്ചിട്ടുള്ളത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നും ഇതു സംബന്ധിച്ചുള്ള എന്തെങ്കിലും റിപ്പോർട്ടുകൾ പ്രസ്തുത കമ്മിറ്റിയിൽ നിന്നും സർക്കാരിന് ലഭിച്ചിട്ടുണ്ടോയെന്നും വിശദമാക്കുമോ ;

(സി) പത്തനംതിട്ട ജില്ലയിലെ ലൈൻമാൻ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾ ഇയാൾക്കെതിരെ നിയമസഭാ പെറ്റീഷൻ കമ്മിറ്റി മുമ്പാകെ പരാതി നൽകിയിട്ടുള്ള വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതു സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പ്രസ്തുത നിയമസഭാ കമ്മിറ്റി സർക്കാരിന് ശിപാർശ നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഡി) മേൽപ്പറഞ്ഞ ഉദ്യോഗസ്ഥനെ ഇപ്പോൾ ജോലി ചെയ്യുന്ന സീറ്റിൽ നിന്നും മാറ്റണമെന്ന 28-5-2014-ന് ബഹു. പൊതുമരാമത്ത് വകുപ്പുമന്ത്രി, 1005/NOR/14M(W) നമ്പർ ഉത്തരവു പ്രകാരം, ചീഫ് എഞ്ചിനീയർ (അഡ്മിനിസ്ട്രേഷൻ)-നോട് നിർദ്ദേശിച്ചിരുന്നുവെങ്കിലും പ്രസ്തുത ഉത്തരവ് നാളിതുവരെ നടപ്പാക്കാത്തത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly